"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വ്യവസായ വകുപ്പ് - മൈനിംഗ് & ജിയോളജി — 2015 ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ പ്രകാരം ശ്രീ.വിനോദ്.വി, ആലംപിള്ളിൽ, പിലാപ്പുഴ, ഹരിപ്പാട്, ആലപ്പുഴ സമർപ്പിച്ച അപ്പീൽ പെറ്റീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

---

**വ്യവസായ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.497/2026/ID തീയതി,തിരുവനന്തപുരം, 28-04-2026

---

പരാമർശം:-

1. ആലപ്പുഴ ജില്ലാ ജിയോളജിസ്റ്റിന്റെ 02/02/2022 തീയതിയിലെ 184/2021-22/എം/എം/ജിബിഎസ്/ഡിഇഎ/319/2021 നമ്പർ നടപടിക്രമം
2. ശ്രീ.വിനോദ്.വി, ആലംപിള്ളിൽ, പിലാപ്പുഴ, ഹരിപ്പാട്, ആലപ്പുഴ 23.12.2024 ൽ സമർപ്പിച്ച അപ്പീൽ ഹർജി
3. ആലപ്പുഴ ജില്ലാ ജിയോളജിസ്റ്റിന്റെ 19/04/2025 തീയതിയിലെ DOALA-DMG/97/2025 -M നമ്പർ കത്ത്
4. മൈനിംഗ് & ജിയോളജി വകുപ്പ് ഡയറക്ടറുടെ 13/11/2025 ലെ ഡി.എം.ജി/367/2025-എം1 നമ്പർ കത്ത്.
5. WP(C) 4174/2022 നമ്പർ കേസിൽ ബഹു.കോടതി 7.12.2024 തീയതിയിൽ പുറപ്പെടുവിച്ച വിധിന്യായം.

**<u>ഉത്തരവ്</u>**

ആലപ്പുഴ ജില്ലയിലെ കാർത്തികപ്പള്ളി താലൂക്കിൽ പള്ളിപ്പാട് വില്ലേജിൽ പ്പെട്ട സ്ഥലത്ത് ഗ്രാനൈറ്റ് അഗ്രിഗേറ്റ് സംഭരിച്ച് വിപണനം നടത്തുന്നതിന് ഹർജിക്കാരന് നൽകിയ ഡീലേഴ്സ് ലൈസൻസ് ദുരുപയോഗം ചെയ്യുന്നതായി കണ്ടെത്തിയതിനെ തുടർന്ന് ഡിലേഴ്സ് ലൈസൻസ് റദ്ദ് ചെയ്തു കൊണ്ട് ആലപ്പുഴ ജിയോളജിസ്റ്റ് പുറപ്പെടുവിച്ച 02.02.2022 തീയതിയിലെ പരാമർശം (1) പ്രകാരമുള്ള നടപടിക്രമത്തിനെതിരെ ഹർജിക്കാരൻ ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) 4174/2022 നമ്പർ കേസിൽ ബഹു.കോടതി 7.12.2024 തീയതിയിൽ പുറപ്പെടുവിച്ച വിധിന്യായത്തിന്റെ പകർപ്പുൾപ്പെടെ ലഭ്യമാക്കികൊണ്ട് ശ്രീ.വിനോദ്.വി, ആലംപിള്ളിൽ, പിലാപ്പുഴ, ഹരിപ്പാട്, ആലപ്പുഴ 23.12.2024 ൽ പരാമർശം (2) പ്രകാരം സർക്കാരിൽ അപ്പീൽ ഹർജി സമർപ്പിച്ചിരുന്നു.

2. അപ്പീലുമായി ബന്ധപ്പെട്ട് അപ്പീൽ കക്ഷിയെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരെയും അപ്പീൽ അധികാരിയായ വ്യവസായ വകുപ്പ് അഡീഷണൽ സെക്രട്ടറി 14/02/2025- ന് നേരിൽ കേട്ടു.

3.ഹിയറിംഗിൽ അപ്പീൽ കക്ഷി ചുവടെ ചേർക്കും പ്രകാരം വാദിച്ചു.

താൻ ഗ്രാനൈറ്റ് അഗ്രഗേഷൻ വില്പന നടത്തുന്നതിന് വേണ്ടി ഡിലേഴ്സ് ലൈസൻസ്

കരസ്ഥമാക്കി 2008 മുതൽ ഡിപ്പോ നടത്തി വരികയുണ്ടായി. 60,000 MT സ്റ്റോക്ക് ചെയ്യുന്നതുമായി എടുത്ത ലൈസൻസിന് 12/9/2002 - വരെ കാലാവധിയുണ്ട്. റോഡിനെ്റ മറുവശത്തായി ലൈസൻസോടുകൂടി വേറൊരു ഡിപ്പോയും നടത്തിവരുന്നുണ്ട്. ഡിപ്പോയുടെ പ്രവർത്തനം സംബന്ധിച്ച് ജില്ലാ ജിയോളജിസ്റ്റ് പരിശോധന നടത്തുകയും കുറച്ച് ഫോട്ടോകൾ എടുക്കുകയും ചെയ്തു. ലൈസൻസ് റദ്ദ് ചെയ്യുകയും ചെയ്തു. ഇതു സംബന്ധിച്ച് ജീയോളജിസ്റ്റ് മഹസർ തയ്യാറാക്കിയിട്ടില്ല. താൻ ലൈസൻസ് ഇല്ലാത്ത സ്ഥലത്ത് ധാതു ശേഖരിച്ച് വച്ചിരുന്നു എന്നാണ് ആരോപണം. തനിക്ക് തന്ന ലൈസൻസിൽ യാതൊരു വ്യവസ്ഥകളും ഇല്ലായിരുന്നു. 2015-ലെ KMPIMSST ചട്ട പ്രകാരം ലൈസൻസിലെ വ്യവസ്ഥകൾ എന്തെങ്കിലും ലംഘിച്ചാൽ മാത്രമേ ലൈസൻസ് റദ്ദാക്കുവാൻ പാടുകയുള്ളൂ. അതിനാൽ ജീയോളജി വകുപ്പിന്റെ 2/2/2022-ലെ 184/2020-2022 ഉത്തരവ് റദ്ദ ചെയ്യുവാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതാണ് എന്ന് അറിയിച്ചു.

4.കാർത്തികപ്പള്ളി താലൂക്കിൽ ചിങ്ങോലി വില്ലേജിൽപ്പെട്ട സ്ഥലത്ത് അപ്പീൽ കക്ഷി നടത്തി വന്നിരുന്ന ഡിപ്പോയുമായി ബന്ധപ്പെട്ടു നല്കിയ ഡിമാന്റ് നോട്ടീസിനെതിരെ സമർപ്പിച്ച അപ്പീൽ പെറ്റിഷന്റെ അടിസ്ഥാനത്തിൽ 5/12/21-ൽ ആലപ്പുഴ ജില്ലാ ഓഫീസിൽ നിന്നുളള പരിശോധനയിൽ 300 മെടിക് ടൺ ധാതു മാത്രം സ്റ്റോക്ക് ഉണ്ടായിരുന്ന ഡിപ്പോയിൽ ഡയറക്ടേറ്റിൽ നിന്ന് 2/6/2022-ൽ പരിശോധനയിൽ 1613.20 MT ധാതു കാണപ്പെട്ടതിൽ നിന്നും അവിടെ ധാതുവിന്റെ അളവിൽ കൃത്രിമത്വം കാണിച്ചുവെന്ന് ബോധ്യപ്പെട്ടതിനാൽ അനധികൃത ധാതു സംഭരണത്തിൽ നിന്നും വിപണനത്തിനും കക്ഷിയിൽ നിന്നും നിലവിലെ ചട്ട പ്രകാരമുളള തുക ഈടാക്കുവാൻ നിർദ്ദേശിച്ചു കൊണ്ട് സർക്കാർ ഉത്തരവ്(സാധാ) നം.805/2022/വ്യവ. തീയതി 2/08/2022 പ്രകാരം പ്രസ്തുത അപ്പീൽ തീർപ്പായിട്ടുണ്ട്. അതിന് ശേഷവും അനധികൃത സംഭരണം നടത്തിയിട്ടുണ്ടെന്ന് ജിയോളജിസ്റ്റ് ഹീയറിംഗ് വേളയിൽ അറിയിച്ചു. അതിനാൽ ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ അളന്ന് തിട്ടപ്പെടുത്തിയ അനധികൃത സംഭരണം സംബന്ധിച്ച വ്യക്തമായ വിവരങ്ങളും അതു സംബന്ധിച്ച് സ്വീകരിച്ച നടപടികളും GST ബില്ലുകൾ സംബന്ധിച്ചുള്ള റിപ്പോർട്ടും ജീയോളജിസ്റ്റിൽ നിന്നും ലഭ്യമാക്കി പരിശോധിച്ച് അപ്പീൽ പെറ്റിഷൻ സംബന്ധിച്ച് സ്പഷ്ടമായ റിപ്പോർട്ട് ലഭ്യമാക്കുവാൻ മൈനിംഗ് ജിയോളജി വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നല്കുകയുണ്ടായി.

5. ആയതിന്മേൽ മൈനിംഗ് ജിയോളജി വകുപ്പ് ഡയറക്ടർ പരാമർശം (4) പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

സർക്കാരിൽ നിന്നും താഴെപ്പറയുന്ന അധിക വിവരങ്ങളാണ് ആവശ്യപ്പെട്ടിരിക്കുന്നത്-

1. 2/8/2022 തീയതിയിലെ സ. ഉ.(സാധാ.) 805/2022/വ്യവ അപ്പീൽ ഉത്തരവിന് ശേഷവും നടത്തിയ അനധികൃത വിപണനം സംബന്ധിച്ച വിവരങ്ങൾ /സ്വീകരിച്ച നടപടികൾ.
2. ജി എസ് റ്റി -ബില്ലുകൾ സംബന്ധിച്ച വിവരങ്ങൾ.

അപ്പലന്റ് ആയ ശ്രീ വിനോദ് വി, ആലമ്പള്ളിൽ എന്ന വ്യക്തിക്ക് കരിങ്കല്ല് ഉൽപ്പന്നങ്ങൾ സംഭരിച്ചു വില്പന നടത്തുന്നതിന് ആലപ്പുഴ ജില്ലയിൽ രണ്ടു ഡീലേഴ്സ് ലൈസൻസ് നല്കിയിരുന്നു. നിലവിൽ രണ്ടു ഡിപ്പോകൾക്കും സാധുതയുള്ള ഡീലേഴ്സ് ലൈസൻസ് ഇല്ല.

| | സ്ഥലം | ലൈസൻസ് നമ്പർ | കാലാവധി |
|---|---|---|---|
| 1 | കാർത്തികപ്പള്ളി താലൂക്ക്, ചിങ്ങോലി വില്ലേജ്, ബ്ലോക്ക് -15, റീസർവ്വേ 170/1-2, 6-3, 6-2 | 44/2020-21/MM/GBS/DOA/897/2020 dated 17.09.2020 | 16.09.2021 |
| 2 | കാർത്തികപ്പള്ളി താലൂക്ക്, പള്ളിപ്പാട് വില്ലേജ്, ബ്ലോക്ക് -11, റീസർവ്വേ നം.528/1 | 58/2021-22/MM/GBS/DOA/319/2021 dated 13.09.2021. | 12.09.2022 |

ഹർജി-1 (ചിങ്ങോലി വില്ലേജിലെ ഡിപ്പോയുമായി ബന്ധപ്പെട്ട്) 5/10/2021 -ൽ ചിങ്ങോലി വില്ലേജിലെ ഡിപ്പോ ആലപ്പുഴ ജില്ലാ ഓഫീസിൽ നിന്നും പരിശോധിച്ചതിൽ ലൈസൻസ് കാലാവധി അവസാനിച്ചിട്ടും പ്രവർത്തനം തുടരുന്നതായും സ്റ്റോക്കിൽ 1264 മെട്രിക് ടൺ വ്യത്യാസം ഉള്ളതായും (KOMPAS ൽ 1564.041 മെട്രിക് ടൺ-ഡിപ്പോയിൽ 300 മെട്രിക് ടൺ) കണ്ടെത്തി 20/10/2021 ൽ സ്റ്റോപ്പ് മെമ്മോ നല്കിയിരുന്നു. പിന്നീട് 23/10/2021 -ൽ അനധികൃത ധാതു കടത്തിന് ഡിമാൻഡ് നോട്ടീസ് നല്കുകയും അതിനെതിരെ ടിയാൻ ബഹു. കേരള ഹൈക്കോടതി മുൻപാകെ ഫയൽ ചെയ്ത WPC 24061/2021 കേസിലെ 1/12/21 തീയതിയിലെ വിധിന്യായത്തിൽ പെറ്റീഷണർ ഫയൽ ചെയ്ത അപ്പീൽ അപേക്ഷയിൽ തീർപ്പ് കൽപ്പിക്കുവാൻ ഉത്തരവാകുകയും ചെയ്തു. അപ്പീൽ ഹർജിയിൽ തീരുമാനം എടുക്കുന്നതിന്റെ ഭാഗമായി ഡയറക്ടറേറ്റിലെ ഒരു ജിയോളജിസ്റ്റിനെ സർക്കാർ നിയോഗിക്കുകയും 02/06/2022 തീയതി അപ്പലൻ്ററിൻ്റെ പ്രതിനിധിയോടൊപ്പം ഡയറക്ടറേറ്റിലെ ജിയോളജിസ്റ്റ് നടത്തിയ പരിശോധനയിൽ സ്റ്റോക്ക് 1613.20 മെട്രിക് ടൺ എന്നു തിട്ടപ്പെടുത്തുകയും അതേ സമയം ഈ സ്ഥലത്ത് സമീപ ദിവസങ്ങളിലും പ്രവർത്തനം നടക്കുന്നു എന്നു വ്യക്തമാണെന്നും ധാതു ലോഡ് ചെയ്യുന്നതിന് ഡിപ്പോയിൽ ജെ സി ബി-ഉണ്ടായിരുന്നുവെന്നും റിപ്പോർട്ട് ചെയ്തിരുന്നു. 05/10/2021 ലെ ജില്ലാ ഓഫീസിൽ നിന്നുള്ള പരിശോധനയിൽ 300 മെട്രിക് ടൺ സ്റ്റോക്ക് മാത്രമാണ് ഉണ്ടായിരുന്നത്. ഡയറക്ടറേറ്റിൽ നിന്നും 02/06/2022 തീയതിയിൽ പരിശോധന നടത്തുമ്പോൾ 1613.20 മെട്രിക് ടൺ ആയി സ്റ്റോക്ക് ഉയർന്നു. അതായത് ഡീലേഴ്സ് ലൈസൻസ് നിലവിൽ ഇല്ലാതിരിക്കെ വീണ്ടും ധാതു സംഭരണം നടത്തി. ഈ വിഷയങ്ങൾ എല്ലാം പരിശോധിച്ച ശേഷം 02/08/2022 തീയതിയിൽ സ. ഉ.(സാധാ) 805/2022/വ്യവ നമ്പറായി അപ്പിൽ അപേക്ഷയിൽ അന്തിമ ഉത്തരവായി. ഉത്തരവിന്റെ പ്രസക്ത ഭാഗം- "അനധികൃത ധാതു സംഭരണത്തിനും വിപണനത്തിനും അപ്പീൽ ഹർജിക്കാരനിൽ നിന്നും നിലവിലെ ചട്ടപ്രകാരമുള്ള തുക ഈടാക്കുന്നതിന് ആവശ്യമായ അടിയന്തിര നടപടികൾ ആലപ്പുഴ ജിയോളജിസ്റ്റ് സ്വീകരിക്കേണ്ടതാണ്." ഈ ഉത്തരവ് 08/08/2022 തീയതി ജില്ലാ ഓഫീസിൽ ലഭിക്കുകയും ചെയ്തിരുന്നു. ടി ഉത്തരവ് നടപ്പിലാക്കുന്നത് സംബന്ധിച്ച് സ്പഷ്ടീകരണം ആവശ്യപ്പെട്ട് ഈ ആഫീസിലേക്ക് കത്ത് നൽകുക യാണ് ചെയ്തത് എന്നും, അനധികൃത ധാതു കടത്തിൽ ഏർപ്പെട്ട വാഹനം പിടിച്ചെടുക്കുകയോ (SEIZURE) പോലീസ് കസ്റ്റഡിയിലേക്ക് കൈമാറുകയോ SEIZURE MAHASAR തയാറാക്കുകയോ ചെയ്തിട്ടില്ല എന്നും പകരം വാഹനം കസ്റ്റഡിയിൽ എടുത്തു തരണമെന്ന് 13/10/2021, 20/10/2021, 06/01/2022, 16/09/2022 തീയതികളിൽ ഹരിപ്പാട് സ്റ്റേഷൻ ഹൌസ് ഓഫീസർക്ക് ജിയോളജിസ്റ്റ് കത്തുകൾ നല്കുകയാണുണ്ടായത് എന്നും ജിയോളജിസ്റ്റ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 02/08/2022 തീയതിയിലെ സ. ഉ.(സാധാ.) 805/2022/വ്യവ സർക്കാർ ഉത്തരവ് നടപ്പിലാക്കി ഡിമാൻഡ് തുക ഈടാക്കിയിട്ടില്ല എന്നും സർക്കാരിൽ നിന്നുള്ള 18/6/2025 തീയ്യതിയിലെ കത്ത് ലഭിച്ചപ്പോൾ ആണ് അപ്പീൽ തീർപ്പാക്കിയ സർക്കാർ ഉത്തരവ് നടപ്പിലാക്കിയിട്ടില്ലെന്ന് ശ്രദ്ധയിൽപെട്ടത് എന്നും ജിയോളജിസ്റ്റ് അറിയിച്ചിട്ടുണ്ട്.

16/9/2021 തീയതിയിൽ ഡീലേഴ്സ് ലൈസൻസ് അവസാനിക്കുമ്പോൾ ഉണ്ടായിരിക്കേണ്ട സ്റ്റോക്ക് 1564.041 മെട്രിക് ടൺ ആയിരുന്നു. എന്നാൽ 05/10/2021 ൽ സ്ഥലപരിശോധന നടത്തിയപ്പോൾ ഉണ്ടായിരുന്ന സ്റ്റോക്ക് 300 മെട്രിക് ടൺ ആണ്. അതായത് ലൈസൻസ് കാലയളവിന് ശേഷം അപ്പലന്റ് അനധികൃത വിപണനം നടത്തി 1264 മെട്രിക് ടൺ കരിങ്കല്ല് ഉല്പ്പന്നങ്ങൾ വില്പ്പന നടത്തി എന്നു വ്യക്തമാണ്. അതുപോലെ ഡയറക്ടറേറ്റിൽ നിന്നും 02/06/2022 തീയതിയിൽ പരിശോധന നടത്തുമ്പോൾ 1613.20 മെട്രിക് ടൺ ആയി സ്റ്റോക്ക് ഉയർന്നു. അതിൽ നിന്നും 05/10/2021 മുതൽ 02/06/2022 വരെയുള്ള കാലയളവിൽ 1313.2 മെട്രിക് ടൺ ധാതു അനധികൃതമായി ശേഖരിച്ചു എന്ന് ബോധ്യമാണ് ആയതിനാൽ 1264 മെട്രിക് ടൺ + 1313.2 മെട്രിക് ടൺ കരിങ്കല്ല് ഉല്പ്പന്നങ്ങൾ അനധികൃതമായി അപ്പലൻറ് സംഭരണ വിപണനം

നടത്തി എന്നു കണക്കാക്കി 2015- ലെ കെ. എം. എം. സി ചട്ടങ്ങൾ പ്രകാരമുള്ള റോയൽറ്റി/വില ബാധകമാക്കി (ടണ്ണിന് 24 രൂപനിരക്കിൽ 3 മടങ്ങ്) ഡിമാൻഡ് നോട്ടീസ് നല്കുന്നതിനുള്ള അഡ്ജുഡിക്കേഷൻ ഉത്തരവ് അപ്പലന്റിന് നല്കിയിട്ടുണ്ട്.

10/12/2024 തീയതിയിൽ ജിയോളജിസ്റ്റ്, അസി. ജിയോളജിസ്റ്റ് എന്നിവർ നടത്തിയ പരിശോധനയിൽ സ്റ്റോക്ക് 1052.725 ക്യുബിക് മീറ്റർ (2632 മെട്രിക് ടൺ) എന്നും 50 മെട്രിക് ടൺ പുഴ മണൽ ശേഖരിച്ചതായും കണ്ടെത്തുകയും 21/12/2024 തീയതിയിൽ സ്റ്റോപ്പ് മെമ്മോയും കാരണം കാണിക്കൽ നോട്ടീസും നല്കി, ശ്രീ. വിനോദിനെ നേരിൽ കേൾക്കുകയും ചെയ്തു. അപ്പീൽ ഹർജിയിൽ തീർപ്പ് ആക്കുന്നത് വരെ തുടർ നടപടി സ്വീകരിക്കരുതെന്ന് ടിയാൻ അവശ്യപ്പെട്ടിരുന്നു. പിന്നീട് 11/6/2025 തീയതിയിൽ നടത്തിയ പരിശോധനയിൽ 780 മെട്രിക് ടൺ ആയി സ്റ്റോക്ക് കുറഞ്ഞു. അതായത് സ്റ്റോപ്പ് മെമ്മോ നിലനിൽക്കെ അനധികൃത ധാതു സംഭരണ വിപണനം അപ്പലന്റ് തുടരുന്നു എന്ന് മനസ്സിലാക്കാം.

ഹർജി-2 (പള്ളിപ്പാട് വില്ലേജിലെ ഡിപ്പോ സംബന്ധിച്ച് )അപ്പീൽ കക്ഷിക്ക് പള്ളിപ്പാട് വില്ലേജിൽ അനുവദിച്ചിരുന്ന ഡീലേർസ് ലൈസൻസിന്റെ മറവിൽ ആണ് കാലാവധിക്കു ശേഷവും ചിങ്ങോലി വില്ലേജിൽ ടിയാൻ അനധികൃത യാർഡ് പ്രവർത്തിപ്പിച്ചത് എന്ന കണ്ടെത്തലിൽ 02/02/2022 തീയതിയിലെ 184/21-22/എം./ജിബിഎസ്/ഡി ഒ എ /319/2021 ഉത്തരവിൻ പ്രകാരം പള്ളിപ്പാട് വില്ലേജിലെ ഡീലേർസ് ലൈസൻസ് റദ്ദ് ചെയ്തിരുന്നു. തുടർന്ന് ടിയാൻ ബഹു. കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത WPC 4174/2022 കേസിലെ 07/12/2024 ലെ വിധിന്യായ പ്രകാരം 23/12/2024 തീയതിയിൽ സമർപ്പിച്ച അപ്പീൽ ഹർജിയിൽ അപ്പീൽ അധികാരി 14/2/2025 -ൽ ഹിയറിങ് നടത്തുകയും പരാതിയ്ക്ക് ആസ്പദമായ സ്ഥലത്തെ GST BILLS കൂടി പരിശോധിച്ച് റിപ്പോർട്ട് നല്കുവാൻ 27/2/2025 ലെ കത്തിലൂടെ ബഹു. പ്രിൻസിപ്പൽ സെക്രട്ടറി നേരിട്ട് ജില്ല ഓഫീസിന് നിർദ്ദേശം നല്കുകയും ചെയ്തിരുന്നു. ഇതേ തുടർന്ന് GST കായംകുളം റേഞ്ച് ആഫീസിൽ നിന്നും ലഭ്യമാക്കിയ വിവരങ്ങൾ പരിശോധിച്ചതിൽ -ശ്രീ. വിനോദിന്റെ (അപ്പലന്റ്) പാൻ നമ്പരിന്റെ അടിസ്ഥാനത്തിൽ ആണ് ജി.എസ്.ടി വിവരങ്ങൾ ലഭ്യമാക്കിയതെന്നും ആയതിനാൽ അപ്പീലിന് ആസ്പദമായ ഡിപ്പോ മാത്രമാണോ ഉൾപ്പെടുന്നത് എന്നും കരിങ്കല്ല് ഉല്പ്പന്നങ്ങൾക്ക് മാത്രമുള്ള GST ആണോ എന്നും കണ്ടെത്താൻ കഴിഞ്ഞില്ലെന്നും എന്നാൽ 2021-22 മുതൽ 2024-25 വരെ ടിയാൻ GST ഒടുക്കിയിട്ടുണ്ടെന്നും ജില്ലാ ജിയോളജിസ്റ്റ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

മേൽ സാഹചര്യങ്ങൾ കണക്കിലെടുത്ത് ടിയാന്റെ അപ്പീൽ ഹർജി നിരസിച്ച് സർക്കാരിലേക്ക് ലഭിക്കുവാനുള്ള തുക ഈടാക്കുന്നതിനുള്ള ഉത്തരവ് നൽകണമെന്ന് ശുപാർശ ചെയ്തു.

7. അപ്പീൽ അധികാരി ഇക്കാര്യം വിശദമായി പരിശോധിച്ചു. അനധികൃതമായി ധാതു ശേഖരിച്ചതിനും വിപണനം നടത്തിയതിനും 02/08/2022 തീയതിയിലെ സ. ഉ.(സാധാ.) 805/2022/വ്യവ സർക്കാർ ഉത്തരവ് പാലിച്ച് ഡിമാന്റ് നോട്ടീസ് ഇതുവരെ നല്കിയിട്ടില്ലാത്തതിനാൽ,പ്രസ്തുത ഉത്തരവ് നടപ്പിലാക്കുന്നതിനായി നടപടിക്രമങ്ങൾ പാലിച്ച് ഡിമാന്റ് നോട്ടീസ് നല്കി അതനുസരിച്ചുള്ള തുക ഈടാക്കുവാനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുവാനും,പള്ളിപ്പാട് വില്ലേജിൽ 2021-ൽ അനുവദിച്ചിരുന്ന ഡീലേഴ്സ് ലൈസൻസിനെറ കാലാവധി കഴിഞ്ഞതിനാൽ അപേക്ഷകൻ ഡീലേഴ്സ് ലൈസെൻസ് പുതുക്കി നല്കുന്നതിനു അപേക്ഷ സമർപ്പിക്കുന്ന മുറക്ക് മറ്റു തരത്തിൽ യോഗ്യനാണെങ്കിൽ ഡീലേഴ്സ് ലൈസെൻസ് പുതുക്കി നല്കുന്നതിനും ആലപ്പുഴ ജിയോളജിസ്റ്റിന് നിർദ്ദേശം നല്കികൊണ്ട് ശ്രീ. വിനോദ്.വി, ആലംപിള്ളിൽ, പിലാപ്പുഴ, ഹരിപ്പാട്, ആലപ്പുഴ പരാമർശം (2) പ്രകാരം സമർപ്പിച്ച അപ്പീൽ ഹർജി തീർപ്പാക്കിയും അപ്രകാരം WP(C) 4174/2022 നമ്പർ കേസിൽ ബഹു.കോടതി 7.12.2024 തീയതിയിൽ പുറപ്പെടുവിച്ച വിധിന്യായം നടപ്പിലാക്കിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ബി അജിത

അഡിഷണൽ സെക്രട്ടറി

ശ്രീ. വിനോദ്.വി, ആലംപിള്ളിൽ, പിലാപ്പുഴ, ഹരിപ്പാട്, ആലപ്പുഴ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ & ഇ), തിരുവനന്തപുരം.

അഡ്വക്കേറ്റ് ജനറൽ (With C/L)

ഡയറക്ടർ, മൈനിംഗ് & ജിയോളജി വകുപ്പ്, തിരുവനന്തപുരം.

ജില്ലാ ജിയോളജിസ്റ്റ്, ആലപ്പുഴ

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.

സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by

Sachin V R

സെക്ഷൻ ഓഫീസർ

Date: 28-04-2026 18:11:38